## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 641 29/06/2015-ൽ മറുപടിക്ക്

## സെന്റർ ഫോർ ട്രൈബൽ എജ്യൂക്കേഷൻ ഡെവലപ്പ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ രണ്ട് വർഷത്തിനിടെ എഴുപതോളം ശിശുമരണങ്ങളും ഇതിനടുത്ത് ഗർഭസ്ഥ ശിശുമരണങ്ങളും നടന്ന അട്ടപ്പാടിയുടെ ദൈന്യത വിളിച്ചറിയിക്കുന്ന സെന്റർ ഫോർ ട്രൈബൽ എജ്യൂക്കേഷൻ ഡെവലപ്പ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2013 ലെ ശിശുമരണത്തെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; കമ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? | (ബി) | 2013-ലെ ശിശുമരണത്തെ തുടർന്ന് നടപ്പിലാക്കിയ സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, ശബല പദ്ധതി, അമൃതം ന്യൂട്രീഷ്യൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ് വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ ഗുളികകൾ, ഫോളിക് ആസിഡ് ഗുളിക വിതരണം, സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി എന്നിവ യഥാവിധി നടപ്പിലാക്കി വരുന്നു. ശിശുമരണ തോത് വളരെയധികം കുറഞ്ഞത് സർക്കാർ പദ്ധതികളുടെ ഫലപ്രാപ്തിയെ സൂചിപ്പിക്കുന്നതാണ്. കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പു ചുമതല സാമൂഹ്യക്ഷേമവകുപ്പിനായിരുന്നു. നിലവിൽ NRLM ന് കീഴിലാണ് കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിച്ചുവരുന്നത്. നിലവിൽ 130 കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. |

R.V.

സെക്ഷൻ ഓഫീസർ